"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - വ്യാവസായിക പരിശീലന ഡയറക്ടറേറ്റ് 2014-2017 വർഷങ്ങളിൽ പരീക്ഷാ സംബന്ധമായി നടത്തിയ അച്ചടി ജോലി - അച്ചടിക്കൂലിയിനത്തിൽ അച്ചടി വകുപ്പിന് അടവാക്കുവാനുണ്ടായിരുന്ന തുകയിന്മേൽ പിഴപ്പലിശ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.78/2026/PPAD തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-
1. G O (P) No.140/67/Fin dated 19.04.1967
2. വ്യാവസായിക പരിശീലന വകുപ്പ് തൊഴിലും നൈപുണ്യവും വകുപ്പിന് നൽകിയിട്ടുള്ള 30.12.2019 തീയതിയിലെ G1/19612/2011(1) നമ്പർ കത്ത്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 24.03.2025 എന്നീ തീയതിയിലെ 1568/2025/S&V നമ്പർ കത്ത്.

**ഉത്തരവ്**

തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലനവകുപ്പ് ട്രെയിനിങ് ഡയറക്ടറേറ്റ് 2014-2017 വർഷങ്ങളിൽ അച്ചടിവകുപ്പിൽ നടത്തിയിട്ടുള്ള പരീക്ഷാസംബന്ധമായ അച്ചടി ജോലികൾക്കായി അച്ചടി വകുപ്പിന് അച്ചടിക്കൂലി ഇനത്തിൽ 04.11.2015, 11.01.2016, 20.05.2016 എന്നീ തീയതികളിലെ മൂന്ന് ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 1,76,943/-, 1,64,676/-, 1,95,472/- രൂപ നൽകുവാനുണ്ടായിരുന്നു. ഇതിനായി 01.03.2017 ൽ ആകെ തുകയായ 5,37,091/- രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒടുക്കിയിരുന്നു. എന്നാൽ സൂചന (1) പ്രകാരം ഇൻവോയ്സ് തീയതി മുതൽ 6 മാസത്തിനുള്ളിൽ അച്ചടിക്കൂലി അടച്ചില്ല എന്നതിനാൽ 6 ശതമാനം പിഴപ്പലിശ ഈടാക്കുവാൻ അച്ചടിവകുപ്പ്, സൂചന (2) പ്രകാരം വ്യാവസായിക പരിശീലനവകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇൻവോയ്സ് തുകകൾ അടയ്ക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും അധികകാലതാമസം നേരിട്ടിട്ടില്ലെന്നതിനാൽ ടി പിഴപ്പലിശ ഒടുക്കുന്നതിൽ നിന്നും വ്യാവസായിക പരിശീലനവകുപ്പ് ഡയറക്ടറേറ്റിനെ ഒഴിവാക്കിനൽകണമെന്ന് സൂചന (3) പ്രകാരം വ്യാവസായിക പരിശീലന

വകുപ്പ് ട്രെയിനിംങ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , വ്യാവസായിക പരിശീലനവകുപ്പ് ട്രെയിനിങ് ഡയറക്ടറേറ്റ് പരീക്ഷാസംബന്ധമായ അച്ചടിജോലികൾക്കായി അച്ചടിക്കൂലി ഇനത്തിൽ ഒടുക്കിയ ആകെ 5,37,091/- രൂപയിന്മേൽ , ഇൻവോയ്സ് തീയതിമുതൽ 6 മാസത്തിനുള്ളിൽ തുക അടവാക്കിയിരുന്നില്ല എന്ന കാരണത്താൽ , അച്ചടിവകുപ്പിന് നൽകുവാനുണ്ടായിരുന്ന 6% പിഴപ്പലിശ ഇതിനാൽ ഒഴിവാക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ് , തിരുവനന്തപുരം.
2. ട്രെയിനിംങ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് , തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I/II) കേരള, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (Note No.E:3148565/ EDN-B3/89/2025-FIN Dated:30/01/2026)
6. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ.& പി.ആർ.ഡി. , തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 09-06-2026 11:53:22
സെക്ഷൻ ഓഫീസർ